# ദേശീയ പ്രക്ഷോഭം വിജയിപ്പിക്കുക

സഖാക്കളേ, സുഹൃത്തുക്കളേ,

വൻകിട കോർപ്പറേറ്റുകളുടെയും കുത്തക മാധ്യമങ്ങൾ നടത്തിയ പ്രചാരവേലയുടെയും സഹായത്താൽ അധികാരത്തിലേറിയ മോഡി സർക്കാർ രാഷ്ട്ര സമ്പത്ത് വൻകിട കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ്. കൽക്കരി മേഖല സ്വകാര്യവത്കരിച്ചു. ബി.എസ്.എൻ.എൽ. നെ തകർത്ത് വാർത്താവിനിമയ മേഖല പൂർണ്ണമായും സ്വകാര്യ കുത്തകകൾക്ക് അടിയറ വയ്ക്കുകയാണ്. റെയിൽവേ സ്വകാര്യവത്കരിക്കാനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. പ്രതിരോധ മേഖലയിലും വിദേശ നിക്ഷേപം വരികയാണ്. രാഷ്ട്ര ത്തിന്റെ തന്ത്രപ്രധാനമായ മേഖലകളിൽ നിന്നെല്ലാം സർക്കാർ പിന്മാറുകയും വിദേശ ദേശീയ കുത്തകകൾക്ക് അവ കൈയടക്കാൻ അവസരം നൽകുകയും ചെയ്യുകയാണ്. “Make in India” മുദ്രാവാക്യം ഉയർത്തുന്ന പ്രധാനമന്ത്രിയുടെ കോട്ട് പോലും സ്വിറ്റ്സർലന്റി ലാണ് തുന്നിക്കുന്നത് എന്നതാണ് വിരോധാഭാസം. കർഷകരുടെ അനുവാദം കൂടാതെ ഭൂമി ഏറ്റെടുക്കാനുള്ള നിയമം കൊണ്ടുവന്നു. അമേരിക്കൻ സന്ദർശനത്തിനിടയിൽ അന്താരാഷ്ട്ര കുത്തകകൾക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 348 ജീവൻ രക്ഷാമരുന്നുക ളുടെ വില നിയന്ത്രണ ഉത്തരവ് പിൻവലിച്ചു. തത്ഫലമായി മരുന്നുകളുടെ വില കുത്തനെ ഉയർന്നു.

ഇ.പി.എഫ്. ലെ തൊഴിലാളികളുടെ ഫണ്ട് 6000 കോടി രൂപ കവർന്നെടുത്ത് മുതിർന്ന പൗരന്മാർക്ക് ആശ്വാസ പദ്ധതി നടപ്പാ ക്കുമെന്നാണ് ബജറ്റ് പ്രഖ്യാപനം. നിക്ഷേപം നടത്തിയ തൊഴിലാളികൾക്ക് മാത്രം അവകാശപ്പെട്ട ഫണ്ട് കവരാൻ സർക്കാരിന് അധി കാരമില്ല. ഇതിനുപുറമേ ഇ.പി.എഫ്. ന്റെ 5% (6000 കോടി രൂപ) ഓഹരിക്കമ്പോളത്തിന് വിട്ടു നൽകുകയാണ്. തുടർന്ന് ഇത് 15% ആയി ഉയരും. പുതിയ വ്യവസ്ഥകൾ ഉൾച്ചേർത്തുകൊണ്ട് ഇ.പി.എഫ്. നെ തകർക്കുകയാണ്. പുതിയ വ്യവസ്ഥകളിലൂടെ ഇ.പി.എഫ്. വരിക്കാർക്ക് എൻ.പി.എസ്. (ന്യൂ പെൻഷൻ സ്കീം) തിരഞ്ഞെടുക്കാൻ തൊഴിലാളികളെ നിർബന്ധിതരാക്കുകയാണ്. ഈ ഓപ്ഷൻ സ്വീകരിക്കുന്നതോടെ തൊഴിലാളികൾ ഇ.പി.എഫ്. ൽ നിന്നും എംപ്ലോയീസ് പെൻഷൻ സ്കീമിൽ നിന്നും ഇവയുമായി ബന്ധപ്പെട്ട എല്ലാ സ്കീമുകളിൽ നിന്നും ഫലത്തിൽ പുറത്താകുന്നു. തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ആരോഗ്യപരിരക്ഷ ഒരളവോളം ഉറപ്പുവരുത്തുന്ന ഇ.എസ്.ഐ.പദ്ധതിയും അട്ടിമറിക്കുകയാണ്. ഇ.എസ്.ഐ. യ്ക്ക് പകരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നാണ് പുതിയ ബജറ്റ് നിർദ്ദേശം.

ജനങ്ങളെ സഹായിക്കുന്ന സാമൂഹ്യസുരക്ഷാ പദ്ധതികൾക്കും സബ്സിഡികൾക്കും പണമില്ലെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ അതേ സർക്കാർ 2015-16 ലെ ബജറ്റിൽ കസ്റ്റംസ് നികുതി, എക്സൈസ് നികുതി എന്നീ ഇനങ്ങളിൽ 5.89 ലക്ഷം കോടി രൂപ യുടെ ഇളവുകളാണ് രാജ്യത്തെ കോർപ്പറേറ്റുകൾക്ക് നൽകിയത്. ഈയിനത്തിൽ 2005-06 മുതൽ 2015-16 വരെ നൽകിയ മൊത്തം ഇളവുകൾ 36,59,496 കോടി രൂപയാണ് (36.59 ലക്ഷം കോടി രൂപ). ഈ തുകയുണ്ടായിരുന്നെങ്കിൽ 105 വർഷത്തേക്ക് രാജ്യത്തെ എല്ലാ ജില്ലയിലും ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാം. 31 വർഷത്തേക്ക് രാജ്യത്തെ ജനങ്ങൾക്ക് സൗജന്യ റേഷൻ പദ്ധതി നിർബാധം നട ത്താം. അധികാരത്തിലേറിയാൽ 100 ദിവസം കൊണ്ട് ഇന്ത്യയിലെ കള്ളപ്പണക്കാർ വിദേശത്ത് നിക്ഷേപിച്ചിരിക്കുന്ന കള്ളപ്പണം കണ്ടു കെട്ടി ഇന്ത്യയിൽ കൊണ്ടുവരുമെന്നായിരുന്നു വാഗ്ദാനം. പക്ഷേ, ഒന്നും നടന്നില്ല. പെട്രോൾ ഡീസൽ വില കുത്തനെ ഉയരുകയാണ്. സർവ്വീസ് ടാക്സ് ജൂൺ 1 മുതൽ 14% ആകുകയാണ്. ചിട്ടി വരിക്കാരും ലോട്ടറി വാങ്ങുന്നവരും ഹോട്ടൽ ഭക്ഷണം കഴിക്കുന്നവരും ബാർബർ ഷോപ്പിൽ മുടി വെട്ടുന്നവരും വരെ ഇരയാകുകയാണ്. ടെലഫോൺ ബില്ലിലൂടെയും ഇത് കടന്നുവരുകയാണ്. സാധാര ണക്കാരുടെ തലയിൽ നികുതിഭാരം അടിച്ചേൽപ്പിച്ച് സർക്കാർ കോർപ്പറേറ്റുകളുടെ നികുതി 30%-ൽ നിന്നും 25% ആയി കുറയ്ക്കു കയും ചെയ്തു.

കോടിക്കണക്കിനായ രാജ്യത്തെ തൊഴിലാളികളുടെ കൈയും കാലും വരിഞ്ഞുകെട്ടി തൊഴിലുടമകലുടെ നിർദ്ദയ ചൂഷണത്തിന് വിധേയമാക്കുകയാണ്. സർക്കാരിന്റെ അനുവാദമില്ലാതെ തന്നെ തൊഴിലാളികളെ പിരിച്ചുവിടാനും കമ്പനി അടച്ചു പൂട്ടുന്നതിനും മുത ലാളിമാർക്ക് അനുവാദം നൽകുന്ന ബില്ലിന്റെ കരട് സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ബില്ലിലെ വ്യവസ്ഥ പ്രകാരം ജോലിക്കു ചേരു മ്പോൾ തന്നെ പണിമുടക്കുകയില്ല എന്ന സത്യവാങ്മൂലം എഴുതിക്കൊടുക്കണം. ഒരു ദിവസത്തെ പണിമുടക്കിന് 8 ദിവസത്തെ വേതനം പിടിച്ചുവയ്ക്കും. 40 വരെ തൊഴിലാളികൾ പങ്കെടുക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഇ.എസ്.ഐ. പ്രൊവിഡന്റ് ഫണ്ട് എന്നി ങ്ങനെ എല്ലാ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിന്നും പുറത്താകുകയാണ്. ഈ ബില്ല് നിയമമായാൽ രാജ്യത്തെ തൊഴിലാളികളുടെ അവസ്ഥ എന്താകും? മോഡി സർക്കാർ ഒരു വർഷം തികയ്ക്കുന്ന വേളയിൽ ബി.എം.എസ്. ന്റെ അഖിലേന്ത്യ പ്രസിഡന്റ് വൈദ്യനാഥ് റായ് നടത്തിയ പ്രസ്താവന ശ്രദ്ധേയമാണ്. It is an Irony that on the day the government celebrates all workers of the country reminding it that nothing has been done in the last one year. “ He added" one of the key demands of our charter is proper implimentation of labour laws. Now they have gone a step in the opposite direction and are dismantling existing laws”

അഴിമതിയുടെയും വികസന മുരടിപ്പിന്റെയും 4 വർഷങ്ങളാണ് കേരളത്തിൽ കടന്നുപോയത്. 4 വർഷത്തെ യു.ഡി.എഫ്. ഭരണ ത്തിൽ തകർന്നു പോകാത്ത ഒരു മേഖലയും കേരളത്തിലില്ല എന്നതാണ് യാഥാർത്ഥ്യം. പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി തകർത്തു. റേഷൻ കടകളും മാവേലി സ്റ്റോറുകളും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. വിലക്കയറ്റത്തിന്റെ കെടുതിയിൽപ്പെട്ട് മനുഷ്യർ നട്ടംതിരിയു മ്പോൾ വെള്ളക്കരവും ബസ് ചാർജ്ജും വൈദ്യുതി ചാർജ്ജും സർക്കാർ സേവനങ്ങൾക്കുള്ള ഫീസുകളും പല തവണ ഉയർത്തി

ജനത്തെ വെല്ലുവിളിക്കുകയാണ് സർക്കാർ. പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള നികുതി സംസ്ഥാന സർക്കാർ കുത്തനെ ഉയർത്തിയതുമൂലം അയൽ സംസ്ഥാനങ്ങളേക്കാൾ 7 രൂപ കൂടുതൽ നൽകി പെട്രോൾ വാങ്ങുകയാണ് കേരളീയർ.

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങുകയാണ്. 22 പെൻഷൻകാർ ഇതിനകം ആത്മഹത്യ ചെയ്തു. കെ.എസ്.ഇ.ബി.യിലാണെങ്കിൽ സർക്കാരിന്റെ വികലമായ നയവും കെടുകാര്യസ്ഥതയും മൂലം ലോഡ് ഷെഡിംഗ് നിത്യസംഭവമായി. കുടിവെള്ള മേഖലയിലും സ്വകാര്യ കമ്പനികളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാരിന്റേത്.

നമ്മുടെ സ്ഥാപനത്തിന്റെ ചിട്ടി സെക്യൂരിറ്റി നിക്ഷേപമായ 1200-ഓളം കോടി രൂപയ്ക്ക് സർക്കാർ പലിശ നൽകുന്നില്ല. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ട്രഷറി നിക്ഷേപം (ചിട്ടി സെക്യൂരിറ്റി അല്ലാതെ എച്ച്.ഒ. യിൽ നിന്നുമുള്ള നിക്ഷേപം) പിൻവലിക്കാൻ കഴിയുന്നില്ല. തന്മൂലം വായ്പാ പദ്ധതികൾ മരവിക്കുകയാണ്. 46% ലേക്ക് കൂപ്പുകുത്തിയ സി.ഡി. റേഷ്യോ ഉയർത്തുന്നതിനുള്ള കർമ്മ പരിപാടികൾ മാനേജ്മെന്റ് ജീവനക്കാരെ വിശ്വാസത്തിലെടുത്ത് പ്രഖ്യാപിച്ച് നടപ്പാക്കണമെന്നാണ് ജീവനക്കാരുടെ പൊതു ആവശ്യം. സ്ഥാപനത്തിന്റെ വരുമാനവും ലാഭക്ഷമതയും വർദ്ധിപ്പിക്കണമെന്ന നമ്മുടെ ആവശ്യം നടപ്പാക്കുന്നതിനു പകരം ട്രഷറി നിക്ഷേപ രസീതുകൾ സ്വകാര്യബാങ്കുകളിൽ പണയം വച്ച് വീണ്ടും ട്രഷറിയിലേക്ക് പണമൊഴുക്കുകയാണ് മാനേജ്മെന്റ്.

2012 ജൂലൈ 31 ന് അവസാനിച്ച ശമ്പള പരിഷ്കരണ കരാർ പുതുക്കുന്നതിന് ഉഭയകക്ഷി ചർച്ച അടിയന്തരമായി വിളിച്ചു ചേർക്കണമെന്ന് ഞങ്ങൾ വീണ്ടും ആവശ്യപ്പെടുകയാണ്. പി.എസ്.സി. യുടെ വിശ്വാസ്യതയും സുതാര്യതയും രഹസ്യസ്വഭാവവും ചോദ്യം ചെയ്യപ്പെടുന്ന രീതിയിലാണ് സ്ഥാപനത്തിലെ ഒ.എ. ജീവനക്കാരുടെ പ്രമോഷൻ ടെസ്റ്റ് 28-4-15ന് പി.എസ്.സി. നടത്തിയത്. ദുരൂഹതകൾ നീക്കി കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് നീതി ഉറപ്പുവരുത്തുന്നതിന് മാനേജ്മെന്റ് പി.എസ്.സി. യിൽ ശക്തമായി ഇടപെടുക തന്നെ വേണം. അസി. മാനേജർ തസ്തികയിലേക്കുള്ള പ്രമോഷനുകളെ സംബന്ധിച്ച് മാനേജ്മെന്റ് പഠനം നടത്തി ഒരു മാസത്തിനകം ചർച്ച വിളിക്കുമെന്ന് 10.02.2015 തീയതിയിലെ ചർച്ചയിൽ മാനേജ്മെന്റ് ഉറപ്പുനൽകിയതാണ്. അടിയന്തരമായി ചർച്ച വിളിച്ചുചേർക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അതുപോലെ തന്നെ സ്ഥാപനത്തിലെ ഒ.എ. വിഭാഗം ജീവനക്കാരുടെ 10% പ്രമോഷൻ എസ്.എസ്.എൽ.സി. യോഗ്യതയുള്ളവർക്കും നടപ്പാക്കണമെന്നുള്ള ആവശ്യത്തിൽ സ്ഥാപനത്തിന്റെ അഭിപ്രായം ചോദിച്ചുകൊണ്ടുള്ള കത്ത് സർക്കാരിൽ നിന്നും കെ.എസ്.എഫ്.ഇ. ആസ്ഥാനത്തേക്ക് അയച്ചിട്ടുണ്ട്. സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്ത് പ്രസ്തുത വിഷയം ചർച്ച ചെയ്യണം. എസ്.എസ്.എൽ.സി. യോഗ്യതയുള്ളവർക്കും പ്രമോഷൻ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മാനേജ്മെന്റ് നിലപാട് സ്വീകരിക്കുകയും വേണം. ഡി.സി.എ. യോഗ്യത ഉണ്ടെങ്കിൽ മാത്രമേ, ഇനിമുതൽ സ്ഥാപനത്തിലെ ഒ.എ. ജീവനക്കാർക്ക് പ്രമോഷൻ ടെസ്റ്റിന് അപേക്ഷിക്കാൻ കഴിയൂ. ഡി.സി.എ. ഒഴിവാക്കിക്കൊണ്ട് മാനേജ്മെന്റ് തീരുമാനമെടുത്ത പശ്ചാത്തലം പി.എസ്.സി. യെ ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ തുടർ പ്രവർത്തനങ്ങൾ മാനേജ്മെന്റ് നടത്തണം. 2014 സെപ്റ്റംബർ മാസത്തിനുശേഷം ജോയിൻ ചെയ്ത ഒ.എ/അസി. ജീവനക്കാരുടെ പി.എഫ്., പെൻഷൻ എന്നീ സർവ്വീസ് പ്രശ്നങ്ങളെ സംബന്ധിച്ച് ആശങ്ക നിലനിൽക്കുകയാണ്. ഇവർക്ക് ഇ.പി.എഫ്. ബാധകമല്ലെന്നും എൻ.പി.എസ്. ലേക്ക് പോകണമെന്നുമാണ് കേന്ദ്രസർക്കാർ നിർദ്ദേശം. സ്ഥാപനത്തിലെ പി.ടി.എസ്. ജീവനക്കാരുടെ പ്രമോഷൻ പ്രതീക്ഷകൾ മങ്ങുകയാണ്. 50 വയസ്സിനുമേൽ പ്രായമുള്ളവർക്ക് പ്രമോഷൻ ടെസ്റ്റിനപേക്ഷിക്കാൻ കഴിയില്ലായെന്ന വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ട് അവർക്ക് പ്രമോഷൻ ടെസ്റ്റിനപേക്ഷ കൊടുക്കാൻ പോലും കഴിയില്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി വർക്ക്മെൻ ജീവനക്കാർക്കും ഓഫീസ് ജീവനക്കാർക്കും രണ്ട് മാസ്റ്റർ സ്കെയിലുകളാണ്. ഇതു കൂടാതെ ഉന്നത ഉദ്യോഗസ്ഥർക്ക് മൂന്നാമതൊരു മാസ്റ്റർ സ്കെയിലും നിലവിലുണ്ട്. അശാസ്ത്രീയമായ ഈ സംവിധാനം അവസാനിപ്പിച്ച് സിംഗിൾ മാസ്റ്റർ സ്കെയിൽ നടപ്പിലാക്കാൻ മാനേജ്മെന്റ് നിലപാട് സ്വീകരിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുകയാണ്. സ്ഥാപനം സംരക്ഷിക്കുക, ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ടും 2015 മാർച്ച് 3 ന് എച്ച്.ഒ. യിലും 2015 മാർച്ച് 17 ന് തിരുവനന്തപുരം സെക്രട്ടറിയേറ്റിലും നടത്തിയ മാർച്ചിലും ധർണ്ണയ്ക്കും സംഘടനാ വ്യത്യാസമില്ലാതെ ജീവനക്കാരുടെ മികച്ച പിന്തുണയാണ് ലഭിച്ചത്. മേൽ സൂചിപ്പിച്ച മുദ്രാവാക്യങ്ങളുടെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെട്ട് മനേജ്മെന്റും സർക്കാരും നിലപാട് സ്വീകരിക്കണമെന്നും ചർച്ച വിളിച്ചുചേർത്ത് പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

സഖാക്കളേ,

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായതും തൊഴിലാളി വിരുദ്ധവുമായ നയം തിരുത്തിക്കുന്നതിനുള്ള ശക്തമായ പ്രക്ഷോഭമാണ് സി.ഐ.ടി.യു. നേതൃത്വത്തിൽ നടക്കുന്നത്. മെയ് 30 ന് നടക്കുന്ന സെക്രട്ടറിയേറ്റ്/കളക്ട്രേറ്റ് ഉപരോധം ചരിത്രവിജയമാക്കണമെന്ന് എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. സ്ഥാപനത്തിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും പിന്തുണയും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട്

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
**കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു.)**
9446538432

21/05/15